പലിശ നൽകുന്നതിനും പദ്ധതി വിഹിതം ഉപയോഗിക്കുവാൻ ജലഅതോറിറ്റി നിർബ്ബന്ധിതമാകാറുണ്ട്. അതോറിറ്റിയുടെ വരുമാനം കുറവായതിനാൽ ഏറ്റെടുത്ത പദ്ധതികൾ പലതും നിശ്ചിത സമയത്ത് ചെയ്തു തീർക്കുവാൻ കഴിയാതെ വരാറുണ്ട്. ആയതിനാൽ ജല അതോറിറ്റിയുടെ നഷ്ടം പരമാവധി കുറച്ചെങ്കിൽ മാത്രമേ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുവാനുള്ള ദൗത്യം നിറവേറ്റാൻ കഴിയുകയുള്ളൂ. എന്നിരുന്നാലും 1999-നുശേഷം വെള്ളക്കരം വർദ്ധിപ്പിച്ചിട്ടില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, കുടിവെള്ള വിതരണം സഹകാര്യവൽക്കരിക്കില്ല എന്ന് അങ്ങേയ്ക്ക് പ്രഖ്യാപിക്കാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: കുടിവെള്ള വിതരണം സഹകാര്യവൽക്കരിക്കുന്നതിനെക്കുറിച്ച് നയപരമായ ഒരു തീരുമാനം ഇതുവരെ ഗവണ്മെന്റ് കൈക്കൊണ്ടിട്ടില്ല. പ്ലാച്ചിമടയുടെ കാര്യം പറഞ്ഞതുകൊണ്ടു പറയുകയാണ്. ശ്രീമതി സുജിതാ നാരായണനുമായി ഡൽഹിയിൽവച്ച് സംസാരിച്ചു. ചില കാര്യങ്ങളെക്കുറിച്ചുള്ള ആശയവിനിമയം നടത്തിയിട്ടുണ്ട്. ഗവണ്മെന്റിന് ഇക്കാര്യത്തിൽ പോസിറ്റീവായ നിലപാടിലേക്ക് പോകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയാണ്.

(2) ഗൾഫ് സെക്ടറിൽനിന്നും കേരളത്തിലേക്ക് കൂടുതൽ വിമാന സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി

ശ്രീ. എം. എം. ഹസ്സൻ: സർ, ഗൾഫ് രാജ്യങ്ങളിൽനിന്നും കേരളത്തിലേക്കുള്ള വിമാനയാത്ര ഇപ്പോൾ ദുരിതപൂർണ്ണമായിരിക്കുകയാണ്. സ്കൂൾ അവധിക്കാലവും പ്രത്യേകിച്ച് ഫെസ്റ്റിവൽ സീസണും ഗൾഫ് സെക്ടറിൽനിന്നും ധാരാളം യാത്രക്കാർ നാട്ടിലേക്ക് വരുന്ന സമയമാണ്. എല്ലാ മാദ്ധ്യമങ്ങളും കഴിഞ്ഞ കുറേ ദിവസങ്ങളായി ഗൾഫ് യാത്രക്കാരുടെ അനുഭവങ്ങളും ദുരിതങ്ങളും വളരെ പ്രാധാന്യത്തോടുകൂടി റിപ്പോർട്ട് ചെയ്തിരുന്നു. കഴിഞ്ഞ കാൽ നൂറ്റാണ്ടായി നാം കേട്ടുവരുന്ന പരാതിയാണ് എയർ ഇന്ത്യ, ഇന്ത്യൻ എയർലൈൻസ് തുടങ്ങിയ നാഷണൽ ക്യാരിയേഴ്സ് ഗൾഫ് സെക്ടറിൽനിന്നും കേരളത്തിലേക്കുള്ള യാത്രക്കാരിൽനിന്നും അമിത നിരക്ക് ഈടാക്കുന്നു എന്നുള്ളത്. ഇപ്പോൾ കൂനിന്മേൽകുരു എന്നു പറഞ്ഞതുപോലെ നിരക്കുവർദ്ധനവിനു പുറമേയാണ് യാത്രാ ദുരിതങ്ങൾ ഉണ്ടായിരിക്കുന്നത്. ഒരു മാസം മുമ്പ് സൗദി അറേബ്യയിലേക്ക് പോയപ്പോൾ എനിക്കും നേരിട്ട് കാണാൻ ഒരു അവസരം ഉണ്ടായി. അവധിക്കാലത്ത് നാട്ടിലേക്ക് വരുന്നതിന് ഒ.കെ. ടിക്കറ്റ് എടുത്ത് വളരെ വിദൂരസ്ഥലങ്ങളിൽനിന്നും വരുന്നവരെ ഓഫ് ലോഡ് ചെയ്ത് അവരെ ഫ്ളൈറ്റിൽ കൊണ്ടുപോകാതെ വരുമ്പോൾ അവർക്ക് റീസണബിളായ അക്കോമഡേഷൻ കൊടുക്കണമെന്നുണ്ട്. എയർ ഇന്ത്യ കൊടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

അക്കോമഡേഷനെക്കുറിച്ച് യാത്രക്കാർക്ക് വലിയ പരാതിയാണ്. കുടുംബ സമേതം യാത്ര ചെയ്യുന്നവർ വളരെയധികം ദുരിതം അനുഭവിക്കുകയാണ്. 48 മണിക്കൂറാണ് ചില വിമാനങ്ങൾ അടുത്തകാലത്ത് ഡിലേയാകുന്നത്. അവധിക്കാലത്ത് നാട്ടിലേക്ക് വരുന്ന യാത്രക്കാർക്ക് 24 മണിക്കൂറും 48 മണിക്കൂറും ഫ്ളൈറ്റ് ഡിലേ ആകുക, ഫ്ളൈറ്റ് കൃാൻസൽ ചെയ്യുക, ടെക്നിക്കൽ റീസൺസിന്റെ പേരിൽ പെട്ടെന്ന് വിമാനയാത്ര മുടങ്ങുക ഇതൊക്കെ വളരെ ബുദ്ധിമുട്ടുള്ള കാര്യങ്ങളാണ്. ഇതിനെല്ലാം പരിഹാരം ഉണ്ടായേ തീരൂ. ഓണം കഴിയുമ്പോൾ ഇവർ തിരിച്ചുപോക്ക് ആരംഭിക്കുകയാണ്. ഈ സീസണിലേക്ക് ആവശ്യമായ ഫ്ളൈറ്റ്സ് ഇല്ലാത്തതിനാൽ അഡീഷണൽ ഫ്ളൈറ്റുകൾ അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ സിവിൽ ഏവിയേഷൻ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടും ആവശ്യമുള്ള ഫ്ളൈറ്റുകൾ അനുവദിച്ചിട്ടില്ല. രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ കേന്ദ്ര ഗവണ്മെന്റിന്റെ മുമ്പിൽ വളരെ ഗൗരവത്തോടുകൂടി ഉന്നയിക്കേണ്ടതായിട്ടുണ്ട്. അതിലൊന്ന് വിമാന യാത്രാനിരക്ക് കുറച്ചേ പറ്റൂ. കുറയ്ക്കാൻ സാദ്ധ്യമല്ലെന്ന ന്യായവാദമൊന്നും ശരിയല്ല. ഇവിടെ ഇന്റർനാഷണൽ ഫ്ളൈറ്റുകളിൽ മാത്രമല്ല ഡൊമസ്റ്റിക് ഫ്ളൈറ്റുകളിലും ന്യായീകരിക്കാനാകാത്ത വർദ്ധനവാണ്. ഇന്ത്യൻ എയർലൈൻസ് ഇപ്പോൾ ഒരുമിച്ച് ടിക്കറ്റ് വാങ്ങുന്നവർക്ക് സൗജന്യം പ്രഖ്യാപിച്ചിട്ടുണ്ട്. 8 ടിക്കറ്റ് ഒന്നിച്ച് വാങ്ങിയാൽ 32,000 രൂപ. എങ്ങനെയാണ് യാത്രക്കാർക്ക് ഇങ്ങനെ കൺസഷൻ കൊടുക്കുന്നത്? അങ്ങനെയാണെങ്കിൽ എന്തുകൊണ്ട് ഡൊമസ്റ്റിക് ഫ്ളൈറ്റിലും ഇന്റർനാഷണൽ ഫ്ളൈറ്റിലും ഗൾഫ് സെക്ടറിലും യൂറോപ്യൻ സെക്ടറിലും കൊടുക്കുന്നില്ല? പല പ്രാവശ്യം അപ്പുറത്തും ഇപ്പുറത്തും ഉള്ളവർ പറഞ്ഞതാണ്. 25 കൊല്ലമായി ഗൾഫ് മലയാളികൾ നിരന്തരം ഉന്നയിക്കുന്ന കാര്യമാണ്. എല്ലാ കാര്യങ്ങളും കേന്ദ്ര ഗവണ്മെന്റിന്റെ മുമ്പിൽ ശക്തമായി പറഞ്ഞതാണ്. മുഴുവൻ എം.പി.-മാരും ഒറ്റക്കെട്ടായി ആവശ്യപ്പെട്ട കാര്യമാണ്. ഇത്തരത്തിലുള്ള ഒരു കാര്യം നടപ്പിലാകാതെപോകുന്നതെന്തുകൊണ്ടാണ്? ഗൾഫ് മലയാളികൾ നമ്മളോടെല്ലാം ഒരുപോലെ ചോദിക്കുകയാണ്; അതിന് ഉത്തരം പറയാൻ കഴിയുന്നില്ല. ഇവിടെ സമവായം വന്നപ്പോൾ ചില പ്രതിനിധികൾ ചോദിച്ചു; പ്രതിപക്ഷം എല്ലാ ദിവസവും വാക്കൗട്ട് നടത്തുന്നുണ്ടല്ലോ; എന്തുകൊണ്ട് ഞങ്ങൾക്കുവേണ്ടി വാക്കൗട്ട് നടത്തിയില്ല? അതുകൊണ്ടാണ് ഞാൻ ഇത് കാളിംഗ് അറ്റൻഷനായി കൊണ്ടുവന്നത്. ഇവിടെ ശ്രീ. ടി. എൻ. പ്രതാപൻ പറഞ്ഞു, ... ബജറ്റ് എയർലൈൻസ് ഗൾഫിലെ മലയാളി സംഘടനകളും കേരള ഗവണ്മെന്റും എം. പി.-മാരും ശക്തിയായി ആവശ്യപ്പെട്ടതിന്റെ ഫലമായിട്ട് വന്നതാണ്. അതിനെക്കുറിച്ചുള്ള ഇന്റർനാഷണൽ

LIBRARY ARCHIVES Kerala Legislative Assembly

കോൺസെപ്ടൊന്നും ഇവിടെ നടക്കുകയില്ല. ബജറ്റ് എയർലൈൻസിലെ ആദ്യത്തെ 40 സീറ്റിന് കുറഞ്ഞ നിരക്ക്. പിന്നീടുള്ള 60 സീറ്റിന് വേറൊരു നിരക്ക്. അവസാനത്തെ 80 സീറ്റിന് കൂടിയ നിരക്ക്. ശ്രീ. കെ.പി. രാജേന്ദ്രൻ, ശ്രീ. കെ. രാധാകൃഷ്ണൻ ഇവരോടൊപ്പം ഒരുമിച്ച് പോയപ്പോൾ സിവിൽ എവിയേഷൻ വകുപ്പുമന്ത്രിയോട് ഫ്ളൈറ്റിനകത്ത് വച്ച് ഈ നിരക്ക് ഏകീകരിക്കണമെന്നും, ഗൾഫിലെ മലയാളികൾ തൊഴിലാളികളാണെന്നും അവർക്ക് ഇന്റർനെറ്റും കംപ്യൂട്ടർ സൗകര്യങ്ങളും ഉപയോഗിക്കാൻ കഴിയില്ലെന്നും ഗൾഫ് പാസ്സഞ്ചേഴ്സിന്റെ കാര്യത്തിൽ ഇന്റർനാഷണൽ കോൺസെപ്ട് നാഷണൽ കാരിയേഴ്സ് എടുക്കുന്നത് ശരിയല്ലെന്നും, എയർ ഇന്ത്യാ എക്സ്പ്രസ്സിലെ പരാതികൾ പരിഹരിച്ചുകൊണ്ട് നിരക്കുകൾ ഏകീകരിക്കണം എന്നും പറഞ്ഞിരുന്നു. ഇന്റർനാഷണൽ ഫ്ളൈറ്റിലും ഡൊമസ്റ്റിക് ഫ്ളൈറ്റിലും എയർ ഇന്ത്യയിലും ഇന്ത്യൻ എയർലൈൻസിലും ഒരു സ്ഥിരം ഫെയർ ഉണ്ടാകണം. ആ ഫെയർ എവിയേഷൻ ടർബൈൻ ഫ്യുവലിന്റെ വില വർദ്ധിക്കുന്ന അവസരത്തിലല്ലാതെ നിരന്തരമായി വർദ്ധിപ്പിക്കരുത്. ഒരു ഫെയർ നില നിർത്തുന്നതിന് കേന്ദ്ര ഗവണ്മെന്റിനോട് ശക്തമായിട്ട് ആവശ്യപ്പെടണം. രണ്ടാമത്തേത്, ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ഓണം കഴിയുമ്പോൾ തിരിച്ചുള്ള പോക്ക് തുടങ്ങുകയാണ്. അഡീഷണൽ ഫ്ളൈറ്റ്സ് വേണം. അതുകൊണ്ട് എയർ ഇന്ത്യയും ഇന്ത്യൻ എയർലൈൻസും മാത്രമല്ല ഗൾഫ് സെക്ടറിൽനിന്നും കേരളത്തിലേക്ക് ഓപ്പറേറ്റ് ചെയ്യുന്ന എല്ലാ ഫോറിൻ എയർ ലൈൻസുകളോടും അഡീഷണൽ ഫ്ളൈറ്റ്സ് ഇടാൻ ആവശ്യപ്പെടണം. സൗദി അറേബ്യയിലേക്കാണ് ഏറ്റവും കൂടുതൽ ആളുകൾക്ക് പോകേണ്ടി വരുന്നത്. അവിടേക്ക് കൂടുതൽ ഫ്ളൈറ്റ്സ് ഇടാൻ ആവശ്യപ്പെടണം. ഇതാണ് എനിക്ക് മൂന്നാമതായി പറയാനുള്ളത്. ഇത് കേരളത്തിലെ ഒരു പൊതുവായ പ്രശ്നമാണ്. കേരള ഗവണ്മെന്റിന്റെ അധികാര പരിമിതി എന്താണെന്നറിയാം. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് നിർദ്ദേശിക്കാനുള്ളത്, ഇപ്പോൾ എല്ലാ എയർലൈൻസിന്റേയും പ്രതിനിധികൾ തിരുവനന്തപുരത്തുണ്ട്. അവരുടെ ഒരു സമ്മേളനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിക്കണം. ഫെയറിന്റെ കാര്യം പറയണം. കേരള ഗവണ്മെന്റിന്റെ അഭിപ്രായം അവരോട് പറയണം. മറ്റു ഫെസിലിറ്റീസ്, മോശമായ ട്രീറ്റുമെന്റ് ഇതൊക്കെ എയർ ഇന്ത്യയും ഇന്ത്യൻ എയർലൈൻസും സാധാരണ തൊഴിലാളികളായ പാസ്സഞ്ചേഴ്സിനോട് കാണിക്കുന്നത് ശരിയല്ല. ധാരാളം പരാതികൾ ഉയർന്നു വരുന്നുണ്ട്. ഇത്തരം കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എയർലൈൻസുകളുടെ പ്രതിനിധികളുടെ മീറ്റിംഗ് വിളിച്ചുകൂട്ടി കേരളത്തിലെ യാത്രക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ അവരുമായി ചർച്ച ചെയ്താൽ അതിന് ഫലമുണ്ടാകുമെന്ന ശുഭപ്രതീക്ഷയാണ് എനിക്കുള്ളത്. ഇക്കാര്യത്തിൽ ഗൾഫ്

LIBRARY ARCHIVES Kerala Legislative Assembly

മലയാളികളിൽനിന്നും നിരന്തരം പരാതി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇത് അവരെ സംബന്ധിച്ച അടിസ്ഥാനപരമായ പ്രശ്നമാണ്. നാഷണൽ ക്യാരിയേഴ്സ് അവരെ കൊള്ളയടിക്കുകയാണ്. അവരെ ചൂഷണം ചെയ്യുകയാണ്. അതിന് പരിഹാരം ഉണ്ടാക്കുന്നതിന് കേരള ഗവണ്മെന്റ് ഫലപ്രദമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, ചെലവ് കുറഞ്ഞ വിമാന സർവ്വീസ് എന്നത് ഗൾഫ് മലയാളികളുടെ ചിരകാലാഭിലാഷമാണ്. സംസ്ഥാന സർക്കാരിന്റെ ഏറെക്കാലത്തെ കഠിന ശ്രമങ്ങൾക്കുശേഷമാണ് എയർ ഇന്ത്യ എക്സ്പ്രസ് എന്ന ബജറ്റ് എയർലൈൻസ് സ്വപ്നം പൂവണിഞ്ഞത്. ഒരിക്കൽ എയർ ഇന്ത്യാ ബോർഡ് അപ്രായോഗികമെന്ന് പറഞ്ഞ് തള്ളിക്കളഞ്ഞ പദ്ധതിയാണ് കേരള സർക്കാരിന്റെ സമ്മർദ്ദത്തിനു വഴങ്ങി അവർ പുനരാരംഭിച്ചത്. എയർ ഇന്ത്യ എക്സ്പ്രസ്സ് എന്ന ഈ ബജറ്റ് എയർലൈൻസ് ഒരു തുടക്കം മാത്രമാണ്. ധാരാളം പ്രശ്നങ്ങൾ ഇതിലുണ്ടെന്നുള്ളത് ഗവൺമെന്റിന് ബോദ്ധ്യമാണ്. അത് മാറ്റാൻ കേരള സർക്കാർ എയർ ഇന്ത്യയിലും കേന്ദ്ര ഗവൺമെന്റിലും സമ്മർദ്ദം ചെലുത്തിവരുന്നു. 28-6-2005-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡൽഹിയിൽ എൻ.ഡി.സി. മീറ്റിംഗിൽ പങ്കെടുക്കാൻ പോയ അവസരത്തിൽ എയർ ഇന്ത്യ എക്സ്പ്രസ്സിൽ അടിയന്തിരമായി വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് കേന്ദ്ര വ്യോമയാന മന്ത്രിക്ക് കത്ത് നൽകുകയുണ്ടായി. കുറഞ്ഞ ചെലവിൽ കഴിയുന്നത്ര സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ആദ്യഘട്ട പരീക്ഷണമായാണ് എയർ ഇന്ത്യയുടെ എയർ ഇന്ത്യ എക്സ്പ്രസ് സർവ്വീസ് ആരംഭിച്ചിട്ടുള്ളത്. മറ്റ് എയർലൈനുകളുടേതിനേക്കാൾ ശരാശരി 25 ശതമാനമെങ്കിലും കുറഞ്ഞ നിരക്ക് യാത്രക്കാർക്ക് എയർ ഇന്ത്യ എക്സ്പ്രസ്സിൽ ലഭ്യവുമാണ്. ബജറ്റ് എയർലൈനുകളിൽ ലോകവ്യാപകമായി അനുവർത്തിച്ചിരിക്കുന്ന രീതികളിൽ യാത്രക്കാരുടെ സൗകര്യത്തെ കരുതി എയർ ഇന്ത്യ എക്സ്പ്രസ്സ് ഇളവു വരുത്തിയിട്ടുണ്ട്. തീയതിയും സീറ്റിന്റെ ലഭ്യതയും അനുസരിച്ചാണ് എയർ ഇന്ത്യ എക്സ്പ്രസ്സിൽ നിരക്കുകൾ നിശ്ചയിക്കപ്പെടുന്നത്. 50 ശതമാനം വരെ ഇളവ് ലഭിക്കുന്ന സീറ്റുകളുണ്ട്. അവസാന നിമിഷം ബുക്കു ചെയ്യുന്നവർക്കും 15 ശതമാനം കിഴിവ് ലഭിക്കും. വിമാനത്തിലെ ജീവനക്കാരുടെ എണ്ണത്തിലും വേതന വ്യവസ്ഥയിലും ഇളവ് വരുത്തിയും യാത്രക്കാർക്ക് ലഭ്യമാവുന്ന സേവനങ്ങൾ കുറച്ചും പ്രവർത്തനച്ചെലവ് നിയന്ത്രിച്ചുമാണ് ബജറ്റ് എയർലൈനുകളുടെ പ്രവർത്തനം. കംപ്യൂട്ടർ റിസർവേഷൻ നിലവിലുള്ള എയർ ഇന്ത്യ എക്സ്പ്രസ്സിൽ സീറ്റുകൾ ഒഴിവുണ്ടെങ്കിലേ ബുക്ക് ചെയ്യാനാവൂ. ബജറ്റ് എയർലൈനുകളിൽ ടിക്കറ്റ് റദ്ദാക്കുന്നവർക്ക് തുക മടക്കി നൽകാറില്ല.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ എയർ ഇന്ത്യ എക്സ്പ്രസ്സ് ഇതിലും ഇളവ് വരുത്തിയിട്ടുണ്ട്. 24 മണിക്കൂറിന് മുമ്പ് ടിക്കറ്റ് റദ്ദാക്കിയാൽ നിശ്ചിത ശതമാനം കഴിച്ച് ബാക്കി തുക മടക്കി നൽകും. നിലവിലുള്ള 5 ഗൾഫ് സർവ്വീസുകൾക്കു പുറമേ ദോഹ, ബഹ്റിൻ, കുവൈത്ത് എന്നിവിടങ്ങളിലേക്കുള്ള ബജറ്റ് എയർലൈനുകൾ വൈകാതെ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. വ്യോമയാന കരാറിന്റെ പരിമിതിമൂലം സൗദി അറേബ്യയിലേക്ക് തൽക്കാലം ബജറ്റ് എയർവൈൻസ് സാധ്യമല്ല. ഒമാനുമായുള്ള നീണ്ട ചർച്ചകൾക്കുശേഷമാണ് എയർ ഇന്ത്യ മസ്ക്കറ്റിലേക്ക് ബജറ്റ് എയർലൈൻ തുടങ്ങിയത്. ഗൾഫ് നാടുകളിൽ സ്കൂളുകൾക്ക് വേനലവധി ആരംഭിച്ചതുമൂലം കേരളത്തിലേക്കുള്ള യാത്രക്കാരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാങ്കേതിക കാരണങ്ങളാൽ സർവ്വീസുകൾ അവസാന നിമിഷം നിർത്തലാക്കുക, ദിവസങ്ങളോളം സർവ്വീസുകൾ താമസിപ്പിക്കുക തുടങ്ങിയ കാരണങ്ങളാൽ യാത്രക്കാർ വളരെയധികം ദുരിതമനുഭവിക്കുന്നുണ്ട്. ഇപ്രകാരം സർവ്വീസുകൾ താമസിക്കുമ്പോൾ ശരിയായ താമസസൗകര്യം നൽകാറില്ലെന്നും പരാതിയുണ്ട്. മേൽപ്പറഞ്ഞ കാര്യങ്ങളെല്ലാം അടിയന്തിര പരിഹാരം ആവശ്യമായതാണെന്ന് സർക്കാർ കരുതുന്നു. ആയതിനാൽ ഇവ പരിഹരിക്കുന്നതിനായി താഴെപ്പറയുന്ന കാര്യങ്ങളിൽ ഫലപ്രദമായ നടപടികൾ അടിയന്തിരമായി കൈക്കൊള്ളണമെന്ന് കേന്ദ്ര വ്യോമയാന വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

1. ഒഴിവുകാലസമയങ്ങളിലും ഉൽസവ അവസരങ്ങളിലും കേരളത്തിലേക്കുള്ള സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കുക, ഗൾഫ് രാജ്യങ്ങളിൽ ഇപ്പോൾ ഒഴിവുകാലം ആരംഭിച്ചിട്ടുള്ളതിനാൽ ഇപ്പോൾ ഓഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ ഓണത്തിനുശേഷം മടങ്ങിപ്പോകാനും യാത്രക്കാരുടെ തിരക്ക് ക്രമാതീതമായി വർദ്ധിക്കുമെന്നതിനാൽ ഈ സമയങ്ങളിൽ പ്രത്യേക സർവ്വീസുകൾ ആരംഭിക്കുക.

2. എയർ ഇന്ത്യയുടെ സാങ്കേതിക വിഭാഗത്തിന്റെ കഴിവ് വർദ്ധിപ്പിക്കുന്നതിന് അടിയന്തിര നടപടികൾ കൈക്കൊള്ളുക.

3. വിമാനങ്ങൾ പാട്ടത്തിനെടുക്കുമ്പോൾ അവ പുതിയതും മികവുറ്റതും ആണെന്ന് ഉറപ്പുവരുത്തുക.

4. പുതിയ വിമാനങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുക.

5. എല്ലാ വിമാനത്താവളങ്ങളിലും യാത്രക്കാർക്കായി പരാതി പരിഹാര സെല്ലുകൾ സ്ഥാപിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

6. സർവ്വേകൾ, ഫീഡ് ബാക്ക് പഠനങ്ങൾ എന്നിവയിലൂടെ എയർ ഇന്ത്യ എക്സ്പ്രസ്സിനെക്കുറിച്ച് യാത്രക്കാർക്കുള്ള പരാതികൾ പരിഹരിക്കുക.

7. തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ടിൽ പുതിയ ടെർമിനൽ സഹാപിക്കാൻ നടപടി ത്വരിതപ്പെടുത്തുകയും കഴിഞ്ഞവർഷം തിരുവനന്തപുരം വിമാനത്താവളത്തിൽനിന്നും റദ്ദാക്കിയ ഫ്ളൈറ്റുകളുടെ എണ്ണം പുനഃസ്ഥാപിക്കുകയും ചെയ്യുക.

മേൽപ്പറഞ്ഞ ആവശ്യങ്ങൾ ഉൾക്കൊള്ളുന്ന കത്ത് കേന്ദ്ര വ്യോമയാന വകുപ്പുമന്ത്രി ശ്രീ. പ്രഫുൽ പട്ടേലിന് നൽകുന്നതിനായി നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ പ്രത്യേക ദൂതനായി ഡൽഹിക്ക് അയയ്ക്കുകയുണ്ടായി. ഗൾഫ് യാത്രക്കാരുടെ യാത്രാ ദുരിതത്തിന് ശാശ്വത പരിഹാരം ഉണ്ടാക്കുവാൻ കേരള സർക്കാർ നേരിട്ടൊരു എയർ സർവ്വീസ് തുടങ്ങുന്നതിനെപ്പറ്റിയും ആലോചിക്കുന്നു. ഇതിനുള്ള തത്ത്വാധിഷ്ഠിത തീരുമാനം മന്ത്രിസഭ കൈക്കൊള്ളുകയും ചെയ്തു. ഇതിന്റെ ചുമതല കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന് നൽകുകയും അവർ ഏണസ്റ്റ് ആന്റ് യംഗ് എന്ന കൺസൾട്ടൻസിയെ ഇക്കാര്യം ഏൽപ്പിക്കുകയും മൂന്നു മാസത്തിനകം ഇത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. സി.ഐ.എ.എൽ. ഉണ്ടാക്കിയ അതേ മാതൃകയിൽ കേരളത്തിന്റ സ്വന്തം വിമാന സർവ്വീസ് ആരംഭിക്കാനുള്ള ശക്തമായ നടപടി ആരംഭിക്കും. ഗൾഫ് മലയാളികളുടെ പ്രശ്നങ്ങളിൽ പ്രത്യേകിച്ച് യാത്രാ ദുരിതങ്ങളെപ്പറ്റി സർക്കാർ ജാഗരൂകരാണ്. യാത്രാക്ലേശങ്ങൾ സംബന്ധിച്ച് ഗൾഫ് മലയാളികളിൽനിന്നും ലഭിക്കുന്ന പരാതികളിന്മേൽ സർക്കാർ സാദ്ധ്യമായ എല്ലാ പരിഹാര നടപടികളും കൈക്കൊള്ളാറുണ്ട്. കേന്ദ്ര വ്യോമയാന വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ള നമ്മുടെ ആവശ്യങ്ങളിന്മേൽ അടിയന്തിര നടപടി സ്വീകരിക്കുകയാണെങ്കിൽ ഗൾഫ് മലയാളികൾ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന യാത്രാ ദുരിതങ്ങൾക്ക് പരിഹാരമുണ്ടാകുന്നതാണ്. ഇതിനായി സംസ്ഥാന സർക്കാർ എയർ ഇന്ത്യയിലും കേന്ദ്ര ഗവണ്മെന്റിലും ശക്തമായ സമ്മർദ്ദം ചെലുത്തുന്നതാണ്.

ശ്രീ. എം. എം. ഹസ്സൻ: സർ, ഞാൻ ഒരു മീറ്റിംഗ് വിളിക്കുന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി മറുപടി പറഞ്ഞ അങ്ങയോട് പറഞ്ഞിരുന്നു. ഇപ്പോൾ എയർലൈൻസുകളുടെ പ്രതിനിധികൾ തിരുവനന്തപുരത്ത് ഉണ്ട്. റഷ് ആരംഭിക്കുന്ന ഈ അവസരത്തിൽത്തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത്തരം ഒരു കോൺഫറൻസ് വിളിക്കണമെന്ന ആവശ്യം ഉന്നയിച്ചിരുന്നു. അതിനെ കുറിച്ചുള്ള ഗവണ്മെന്റിന്റെ മറുപടി അറിയാൻ ആഗ്രഹിക്കുന്നു.

ശ്രീ. വക്കം പുരുഷോത്തമൻ: ഇക്കാര്യം ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താം. അദ്ദേഹം അത് ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly